(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ-സി) ചില കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആരും മുന്നോട്ടു വരാത്ത സാഹചര്യത്തിൽ അവ ഉപേക്ഷിക്കുകയുണ്ടായി.

പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ

10(*130) ശ്രീ. രാജു എബ്രഹാം :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംയോജിത ജില്ലാ പദ്ധതി തയ്യാറാക്കുന്നതിലുമുള്ള ആസൂത്രണ സമിതികളുടെ പങ്ക് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനങ്ങളിലെ എറ്റക്കുറച്ചിലുകൾ വിലയിരുത്താമോ;

(സി) ജില്ലാ പദ്ധതികളുടെ അംഗീകാരം ജില്ലാ കളക്ടർമാരിലും ഉദ്യോഗസ്ഥരിലും കേന്ദ്രീകരിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ; എങ്കിൽ ആയത് ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംയോജിത ജില്ലാ പദ്ധതി തയ്യാറാക്കുന്നതിലുമുള്ള ആസൂത്രണ സമിതികളുടെ പങ്ക് ചുവടെ വിവരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(1) ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുക, മേൽനോട്ടം നിരീക്ഷണം നടത്തുക, തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ട സഹായങ്ങൾ നൽകുക.

(2) പഞ്ചവത്സര വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ജില്ലയുടെ ഒരു വികസന കാഴ്ചപ്പാട്, രൂപരേഖ തയ്യാറാക്കുക, അതുപ്രകാരമുള്ള നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുക.

(3) ജില്ലാ വികസന കാഴ്ചപ്പാട് രേഖ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുമായി പങ്കുവയ്ക്കുന്നതിന് പദ്ധതി ആസൂത്രണത്തിന് മുന്നോടിയായി ബ്ലോക്കുതല യോഗങ്ങൾ സംഘടിപ്പിക്കുക.

(4) ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച കഴിഞ്ഞാൽ പദ്ധതി സംബന്ധിച്ച ഒരു ക്രോഡീകൃത റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കുകയും അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ജില്ലയിൽ നടത്തേണ്ട പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുക.

(5) ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ അംഗീകാരം, മരാമത്ത് പണികളുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി, നിർവ്വഹണം എന്നിവയുടെ അവലോകനവും മോണിറ്ററിംഗും നടത്തുക.

(6) പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ആവശ്യമെങ്കിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുക.

(7) വിവര സാങ്കേതികവുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഐ.കെ.എം. വഴിയുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.

(8) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

(ബി) 11-ാം പഞ്ചവത്സര പദ്ധതിയിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഴുവൻ പ്രോജക്ടും പരിശോധിച്ച് അംഗീകാരം നൽകിയിരുന്നത് ജില്ലാ ആസൂത്രണ സമിതിയായിരുന്നു. അതിന് ജില്ലാ ആസൂത്രണ സമിതികളെ സഹായിക്കുന്നതിനായി ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

ഉപദേശക സമിതി (TAG) ആയിരുന്നു. അതിന്റെ ചുമതലയും ജില്ലാ ആസൂത്രണ സമിതിക്കായിരുന്നു. എന്നാൽ പദ്ധതികളുടെ പരിശോധനയിലും അംഗീകാരത്തിലുമുള്ള കാലതാമസം കണക്കിലെടുത്ത് 12-ാം പദ്ധതി കാലത്ത് ആസൂത്രണ സമിതികൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി രേഖ മാത്രം പരിശോധിച്ചാൽ മതിയെന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

കാർഷികോല്പന്നങ്ങളുടെ സംഭരണം

11(*131) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവ് നേരിടുന്ന ഘട്ടങ്ങളിൽ സർക്കാർ തലത്തിലുള്ള സംഭരണം സംബന്ധിച്ച നിലപാട് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഏതെല്ലാം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവാണ് കർഷകരെ ഏറെ പ്രതിസന്ധിയിലാക്കിയതെന്നറിയിക്കാമോ;

(സി) പ്രസ്തുത കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; അവ ഫലവത്തായോ എന്ന് വ്യക്തമാക്കുമോ;

(ഡി) സംഭരണത്തിനായി വിവിധ ഘട്ടങ്ങളിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകാമോ;

(ഇ) പ്രമുഖ കാർഷിക ഉല്പന്നങ്ങളുടെ ശരാശരി വാർഷിക ഉല്പാദനവും സംഭരണ ലക്ഷ്യവും സംഭരണത്തിനുള്ള ബജറ്റ് വിഹിതവും സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ വിശദമാക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളിൽ നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന

LIBRARY ARCHIVES Kerala Legislative Assembly